
# താലന്ത്

(Private Circulation Only)

2015 - 2016 Vol. 1 Issue 1




**St. Stephen’s C.S.I. Church, Mundiappally**

*Women’s Fellowship*



റവ. ഡോ. കെ.റ്റി. കുര്യൻ
രക്ഷാധികാരി



**Mrs. വൽസമ്മ കുര്യൻ**
പ്രസിഡന്റ്



**Mrs. സൂസി ഏബ്രഹാം**
വൈസ് പ്രസിഡന്റ്



**Mrs. ജെസ്സി രാജു**
സെക്രട്ടറി



**Mrs. സിസ്സി വർക്കി**
ട്രഷറർ

## കമ്മറ്റി അംഗങ്ങൾ



**Mrs. ആലീസ് മാത്യു**



**Mrs. ഷീജ വർഗീസ്**



**Mrs. അന്നമ്മ ജോൺ**



**Mrs. സൂസമ്മ ജോർജ്ജ്**



**Mrs. മേരി ചാണ്ടി**



**Mrs. ഏലിയാമ്മ സാം**



**Mrs. മോളി സക്കറിയ**



**Mrs. ലീലാമ്മ ഏബ്രഹാം**



**Mrs. അന്നമ്മ അലക്സാണ്ടർ**



**Mrs. മറിയാമ്മ വർഗീസ്**



**Mrs. സാറാമ്മ ജോർജ്ജ്**



**Mrs. സൂസന്നാമ്മ കുരുവിള**



**Mrs. എൽസി ജോർജ്ജ്**



**Mrs. സുമ സാബു**



**Mrs. അന്നമ്മ വർഗീസ്**
ഓഡിറ്റർ



**Mrs. ലീലാമ്മ പോത്തൻ**
ഓഡിറ്റർ



# ഇടവകപ്പട്ടക്കാരന്റെ കത്ത്

കർത്താവിൽ പ്രിയരേ,

നിങ്ങൾക്കെല്ലാവർക്കും എന്റെ സ്നേഹവന്ദനം.

സ്ത്രീജനസഖ്യമായി താലന്ത് എന്ന പേരിൽ ആദ്യമായി ഒരു വാർഷികപ്പതിപ്പ് തയ്യാറാക്കുന്നു എന്ന് അറിയുന്നതിൽ അതിയായി സന്തോഷിക്കുന്നു. അതിന്റെ ചുമതലപ്പെട്ട എല്ലാവരേയും അനുമോദിക്കുകയും ചെയ്യുന്നു.

ദൈവം നമ്മെ ഓരോരുത്തരെയും ഈ ലോകത്തിൽ ആക്കി വെച്ചിരിക്കുന്നത് ഓരോ പ്രത്യേക കഴിവുകൾ തന്നാണ്. അത് വളർത്തിയെടുത്തു ദൈവനാമമഹത്വത്തിനായി ഉപയോഗിക്കണം എന്നത്രേ ദൈവം നമ്മെ ഓരോരുത്തരെയും കുറിച്ച് ആഗ്രഹിക്കുന്നത്. എന്നാൽ നമ്മിലുള്ള കഴിവുകളെ കണ്ടെത്തി അത് വർദ്ധിപ്പിക്കുന്നതിനുപകരം അതിനെ മൂടിവയ്ക്കുവാനാണ് അധികം ആളുകളും ആഗ്രഹിക്കുന്നത്. അത് തികച്ചും ദൈവീകമല്ല എന്നു പറയട്ടെ. അതിൽ നമ്മിലുള്ള നൈസർഗ്ഗീകമായ കഴിവുകൾ എന്തെന്നു നാം കണ്ടെത്തണം. ഈ മാസികയുടെ ഉദ്ദേശവും അതുതന്നെയാണ്. ഇതിലെ വിവിധ ലേഖനങ്ങൾ, ചെറുകഥകൾ, പദ്യങ്ങൾ മുതലായവ എഴുതിയ എല്ലാവരേയും ഞാൻ അഭിനന്ദിക്കുന്നു. ഈ മാസിക വായിക്കുന്നവർക്ക് അത് ആത്മീയ വർദ്ധനവിന് മുഖാന്തിരമാകട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

എന്ന് കർത്തൃശുശ്രൂഷയിൽ

നിങ്ങളുടെ സ്നേഹമുള്ള

**കുര്യനച്ചൻ**



# ദളങ്ങളിൽ.....


നന്ദിയുടെ കൈയ്യൊപ്പ്........ 6

Message........ 7

സന്ദേശം........ 8

ധ്യാനം........ 9

പുതിയൊരു ഹൃദയം........ 11

കാർമേഘത്തിലെ മഴവില്ല്........ 12

ബട്ടർ ചിക്കൻ........ 17

യഹോവയുടെ ദിവസം........ 18

പ്രതിസന്ധിയിലും ദൈവകരുതൽ........ 20

Jesus Christ the same yesterday today and forever........ 22

Dream Big........ 23

Face Look........ 25

ചില അടുക്കള നുറുങ്ങുകൾ........ 26

കാലങ്ങൾ........ 27

God 's Glory........ 29

പച്ചമാങ്ങ ജ്യൂസ്........ 29

Song........ 30

# സന്ദേശം

മുണ്ടിയപ്പള്ളി സെന്റ് സ്റ്റീഫൻസ് സി.എസ്.ഐ. ചർച്ച് സ്ത്രീജനസഖ്യം ഇദംപ്രദമായി ഒരു വാർഷിക പ്പതിപ്പ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിൽ വളരെ സന്തോഷം. ഈ സംരംഭത്തിൽ പങ്കാളിയാകുവാൻ സാധിച്ച തിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

മിഷനറിമാരുടെ പാദസ്പർശമേറ്റ ഈ പുണ്യഭൂമിയിൽ 1948-ൽ സ്ഥാപിതമായ സി.എസ്.ഐ. സ്ത്രീജനസഖ്യത്തിന്റെ ലോക്കൽ യൂണിറ്റ് ആയി മുണ്ടിയപ്പള്ളി പ്രദേശത്ത് നന്മയുടെ തിരി തെളിക്കുവാൻ നമ്മുടെ സ്ത്രീജനസഖ്യാംഗങ്ങൾക്ക് സാ ധിക്കുന്നതിൽ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ദൈവം കനിവായ് തന്ന ഈ ജന്മയും താലന്തുകളും ദൈവനാമ മഹ ത്വത്തിനായി പ്രയോജനപ്പെടുത്തുവാൻ ലഭിക്കുന്ന അവസര ങ്ങൾ പാഴാക്കാവുന്നതല്ല.

കഴിഞ്ഞ മൂന്നുവർഷക്കാലം സ്ത്രീജനസഖ്യപ്രവർത്തന ങ്ങളിൽ പങ്കുചേരുവാൻ എനിക്കു സാധിച്ചത് ദൈവം തന്ന അനുഗ്രഹകരമായ അവസരമായി ഞാൻ കരുതുന്നു. തുടർന്നും പൂർവ്വാധികം ഭംഗിയായി സ്ത്രീജനസഖ്യപ്രവർത്തനങ്ങൾ നടത്തപ്പെടുവാൻ സർവ്വശക്തനായ ദൈവം സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

എല്ലാവിധ മംഗളങ്ങളും നേർന്നുകൊണ്ട്,



**വൽസമ്മ കുര്യൻ**
പ്രസിഡന്റ് W.F.
മുണ്ടിയപ്പള്ളി

# നന്ദിയുടെ കൈക്കുമ്പിൾ

*"നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്ന് ഞാൻ അറിയുന്നു. അവ തിന്മയ്ക്കല്ല, നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ എന്ന് യഹോവയുടെ അരുളപ്പാട്."* Jer. 29:11

2014-'15 ലെ സ്ത്രീജനസഖ്യത്തിന്റെ വാർഷിക ദിനത്തിൽ അതിന്റെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുത്തത് വളരെയധികം സന്തോഷത്തോടെയാണ്. ഇടവകയോട് ചേർന്ന്, ആത്മീയശുശ്രൂഷയുടെ ഭാഗമായി പ്രവർത്തിക്കുവാൻ ലഭിച്ച അവസരം ഒരു ഭാഗ്യമായി തന്നെ ഞാൻ കരുതുന്നു. വചനം നമ്മോടു ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. "നിന്റെ കൈയിൽ എന്തുണ്ട്?" അഞ്ചപ്പവും രണ്ടു മീനും യേശുവിന്റെ കൈകളിലേക്ക് സമർപ്പിച്ചപ്പോൾ, അത് വാഴ്ത്തി അനുഗ്രഹിച്ച് ആയിരങ്ങൾക്ക് ഭക്ഷിപ്പാനായ് നൽകി. ദൈവം ദാനമായി തന്ന ഈ ജീവിതമല്ലാതെ മറ്റെന്താണ് താതന്റെ കൈയിൽ ഏല്പിക്കുവാനുള്ളത്? നാം നമ്മെത്തന്നെ ഏല്പിച്ചുകൊടുക്കുമ്പോൾ ദൈവം നമ്മെ വാഴ്ത്തി അനുഗ്രഹിക്കും. അഞ്ചാണോ, മൂന്നാണോ അതോ ഒരു താലന്താണോ നമുക്കു ലഭിച്ചിരിക്കുന്നത് എന്ന ശങ്കയും വേണ്ട. എന്തായാലും അത് ദൈവകരങ്ങളിലേക്ക് സമർപ്പിക്കപ്പെടുമ്പോൾ കണ്ണു കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാതതുമായ ഒരു മഹാത്ഭുതമായ് നാം ഓരോരുത്തരും രൂപാന്തരപ്പെടും.

സ്ത്രീജനസഖ്യത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും സർവ്വശക്തന്റെ വലിയ നടത്തിപ്പ് ഉണ്ടെന്ന കാര്യത്തിൽ സംശയമില്ല. ഒരു മനസ്സോടെ, ശ്രദ്ധയോടെ, കൂട്ടായുള്ള പ്രവർത്തനങ്ങൾവഴി നമ്മുടെ ഇടവക അനുഗ്രഹിക്കപ്പെടുക തന്നെ ചെയ്യും. ഈ ഇടവകയിലെ ഓരോ കുടുംബവും വളരെയധികം ഉത്സാഹത്തോടെയാണ് സ്ത്രീജനസഖ്യത്തെ സഹായിക്കുന്നത്. വരുംദിനങ്ങളിൽ പരിശുദ്ധാത്മാവിന്റെ നിറവ് കൂടുതലായ് അനുഭവിക്കുവാൻ നമുക്ക് കഴിയട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്ത്രീകളുടെ ദുഃഖത്തിൽ മനസ്സലിയുകയും അവരെ കരുതുകയും മാനിക്കുകയും ചെയ്ത യേശുവിനെയാണ് നാം പിൻചൊല്ലുന്നത്. നമ്മെ കരുതുന്ന ദൈവം നമ്മെ മാനിക്കുക തന്നെ ചെയ്യും. നമ്മുടെ വലുതും ചെറുതുമായ എല്ലാ പ്രവർത്തനങ്ങളും ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. ഒരു വർഷക്കാലം ഒപ്പമുണ്ടായിരുന്ന എല്ലാവരേയും നന്ദി അറിയിക്കുന്നതോടൊപ്പം ഇനിയും മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ കൂടെയുണ്ടാവണം എന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.



ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**ജെസ്സി രാജു**
സെക്രട്ടറി

*"The Lord is good to all, and His tender mercies are over all His works." Ps. 145:9*

# Message

The Lord has been good to us, the members of the "Women's Fellowship" of St. Stephen's C.S.I. Church, Mundiappally. Bringing out an annual publication is a commendable, new venture. It is an excellent platform, for us, women, to bring out our literary skills and deep thoughts. We can acknowledge God's care and love for us, through the articles we write.

It can and help us discover our hidden talents. May this venture continue in the years to come. Let us thank God for His countless blessing on the activities of our Women's Fellowship.



**Susy Abraham**
Vice President

Mundiappally,
28-04-2016

"നിന്റെ വചനം എന്റെ കാലിനു ദീപവും പാതയ്ക്കു പ്രകാശവും ആകുന്നു."

സങ്കീ. 119:105

# Message

ഒരു വാർഷികപ്പതിപ്പ് പ്രസിദ്ധീകരിക്കാൻ ദൈവം സ്ത്രീ ജനസഖ്യമായി നമ്മെ എടുത്തുപയോഗിച്ചതിൽ വളരെ സന്തോഷം തോന്നുന്നു. ഈ പ്രസിദ്ധീകരണം കൂടുതൽ ചിന്തകൾ, ആശയങ്ങൾ മറ്റുള്ളവരിലേക്ക് പകരുവാൻ ഇടയായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മിൽ ഒളിഞ്ഞു കിടക്കുന്ന നല്ല ആശയങ്ങൾ പങ്കു വയ്ക്കാൻ സാധിക്കട്ടെ. വരുംകാലങ്ങളിൽ കൂടുതൽ വളരുവാൻ ഈ പ്രസിദ്ധീകരണം ഒരു പ്രകാശമായിത്തീരട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് നിറുത്തട്ടെ.



**സിസ്സി വർക്കി**
ട്രഷറർ

മുണ്ടിയപ്പള്ളി
28-04-2016

# സന്ദേശം



കെ.കെ. ചെറിയാൻ

മുണ്ടിയപ്പള്ളി സെന്റ് സ്റ്റീഫൻസ് സി.എസ്.ഐ. സ്ത്രീജനസഖ്യം ഈ വർഷം ഒരു വാർഷികപ്പതിപ്പ് പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. നമ്മുടെ സ്ത്രീജനസഖ്യം കഴിഞ്ഞ പല വർഷങ്ങളായി അനുകരണീയമായ അനേകം പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി സെന്റ് മോനിക്കാസ് ദിനപ്പിരിവും വാരിക്കാട് ബഥേൽ ആശ്രമ ദിനത്തോടനുബന്ധിച്ചുള്ള പിരിവ് തുടങ്ങിയവയിൽ മഹായിടവകയിൽ ഏറ്റവും കൂടുതൽ തുക സമാഹരിച്ചു നൽകുന്നതിനും നമുക്കു കഴിഞ്ഞു. അവശത അനുഭവിക്കുന്നവരെ സഹായിക്കുവാനും രോഗികളായവർക്ക് ആശ്വാസം നൽകുന്നതിനും ഉതകുന്ന പരിപാടികൾ കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രായാധിക്യം മൂലം ആരാധനയിൽവന്ന് പങ്കെടുക്കുവാൻ കഴിയാത്തവരുടെ ഭവനങ്ങൾ, ക്രിസ്തുമസ് മുതലായ പ്രത്യേക അവസരങ്ങളിൽ സന്ദർശിക്കുവാനും അവർക്കു സമ്മാനങ്ങൾ നൽകുവാനും പ്രാർത്ഥിക്കുവാനും നമ്മുടെ സ്ത്രീജനസഖ്യാംഗങ്ങൾ മുമ്പോട്ടുവന്നിട്ടുണ്ട്.

സുവിശേഷപ്രവർത്തനങ്ങളിൽ പ്രത്യേക മിഷനറിമാരെ സപ്പോർട്ടു ചെയ്യുവാനും നമ്മുടെ സ്ത്രീജനസഖ്യം മുതിർന്നിട്ടുണ്ട്. ആദ്യഫല ശേഖരണം, വഞ്ചിക പിരിവ് മുതലായവയിലൂടെ ധനസമാഹരണം നടത്തുവാനും അത് പ്രയോജനകരമായ രീതിയിൽ ചെലവഴിക്കുവാനും അവർക്ക് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സ്ത്രീജനസഖ്യത്തിന്റെ ആദ്യഫലശേഖരണത്തിൽ മാത്രമല്ല, കുമാരനല്ലൂർ പോലെയുള്ള ഇടവകകളിലെ സ്ത്രീജനസഖ്യ ആദ്യഫലശേഖരണത്തിലും നമ്മുടെ അനേക സ്ത്രീകൾ പങ്കെടുത്തതായി അറിയുന്നു.

ഭാവിയിലും ഉന്നതനിലവാരം പുലർത്തി, സഭയ്ക്കും സമൂഹത്തിനും പ്രയോജനകരമായ കാര്യങ്ങൾ നടപ്പിലാക്കുവാനും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുവാനും ദൈവം നമ്മുടെ സ്ത്രീജനസഖ്യത്തെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അടുത്ത വർഷങ്ങളിൽ പുതിയ പുതിയ പരിപാടികൾ നടപ്പിലാക്കുവാൻ ദൈവം ചുമതലക്കാർക്കു കഴിവു നൽകട്ടെയെന്ന് പ്രാർത്ഥിച്ച്,

എന്റെയും മുണ്ടിയപ്പള്ളി സഭയുടെയും എല്ലാ ആശംസകളും അറിയിക്കുന്നു.



# ധ്യാനം



അന്നമ്മ കുരുവിള

**"ദൈവപാതയിൽ നടക്കുക" 1 രാജാ. 3:14**

നാമൊക്കെയും യാത്ര ചെയ്യുന്നവരാണ്. യാത്ര ചെയ്യുന്നതിന് വഴികളുണ്ട്. നല്ല വഴികളും നല്ലതല്ലാത്ത വഴികളും. നല്ല വഴികൾ വിശാലമായ, നേരെയുള്ള കുണ്ടും കുഴികളും മറ്റും ഇല്ലാത്തതുമാണ്. ഈ ലോകയാത്രയിൽ രണ്ടു തരത്തിലുള്ള വഴികളിൽക്കൂടിയാണ് പലരും യാത്ര ചെയ്യുന്നത്.

1) മരണവഴിയിൽകൂടി യാത്ര ചെയ്യുന്നവർ - വിശാലമായ വഴി
2) ജീവന്റെ പാതയിൽകൂടി പോകുന്നവർ - ഇടുക്കവും ഞെരുക്കവുമുള്ള വഴി.

പാത (വഴി)യെക്കുറിച്ച് തിരുവചനത്തിൽ കാണുന്ന ചില വാക്യങ്ങൾ നോക്കാം.

നമ്മുടെ രക്ഷകനായ ക്രിസ്തുയേശു പറഞ്ഞു.

"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു (യോഹ. 14:6). ദൈവം ശലോമോനോടു പറഞ്ഞു.

"എന്റെ വഴികളിൽ നടന്നാൽ ഞാൻ നിനക്കു ദീർഘായുസ്സ് തരും. (1 രാജാ. 3:14)

ശലോമോൻ പറഞ്ഞിരിക്കുന്നു. "നിന്റെ എല്ലാ വഴികളിലും അവനെ നിനെച്ചുകൊൾക. അവൻ നിന്റെ പാതകളെ നേരെയാക്കും" (സദൃശ. 3:6).

"ദോഷം അകറ്റി നടക്കുന്നതു നേരുള്ളവരുടെ പെരുവഴി; തന്റെ വഴി സൂക്ഷിക്കുന്നവൻ തന്റെ പ്രാണനെ കാത്തു കൊള്ളുന്നു". (സദൃശ. 16:17)

"മനുഷ്യനു തന്റെ വഴികളൊക്കെയും വെടിപ്പായി തോന്നുന്നു. യഹോവയോ ആത്മാക്കളെ തൂക്കി നോക്കുന്നു." (സദൃശ. 16:2)

'ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നുന്നു- അതിന്റെ അവസാനമോ മരണവഴികൾ അത്രേ. (സദൃശ. 16:25)

യിസ്രായേൽ രാജാവായിരുന്ന ദാവീദു പറയുന്നു. "നിന്റെ വഴി യഹോവയെ ഭരമേല്പിക്ക" (സങ്കീ. 37:5)

മരണവഴികളിലേക്കു പോയ ചില രെ നമുക്ക് തിരുവചനത്തിലൂ കാണാം.

## അബ്ശാലോം

അനുസരണക്കേടിന്റെ വഴി, മരണവഴിയാണ്. 2 ശമുവേൽ 18:9. അബ്ശാലോം കോവർകഴുതപ്പുറത്തു ഓടിച്ചുപോവുമ്പോൾ കോവർ കഴുത കൊമ്പുതിങ്ങിനിൽക്കുന്ന ഒരു വലിയ കരുവേലകത്തിൻകീഴെ എത്തി. അവന്റെ തലമുടി കരുവേലകത്തിൽ പിടിപെട്ടിട്ടു അവൻ ആകാശത്തിനും ഭൂമിയ്ക്കും മദ്ധ്യേ തൂങ്ങി. അവന്റെ കീഴിൽ നിന്നു കോവർ കഴുത ഓടിപ്പോയി. സ്വന്തം അപ്പനു വിരോധമായി കൂട്ടുകെട്ടുണ്ടാക്കിയവൻ, സകല വഷളത്വത്തിന്റെയും വിളനിലമായിരുന്നു. അവന്റെ ജീവിതം നശിച്ചു. അവന്റെ ആകൃത്വം അവനെ കണ്ടെത്തി. ദാവീദിന്റെ സേനാപതിയായ യോവാഹിന്റെ കയ്യാൽ അവൻ കൊല്ലപ്പെട്ടു. മരണവഴിയിൽക്കൂടിയുള്ള യാത്ര. എത്ര ഭയങ്കരം!

## ബിലെയാം

ദൈവഹിതം അറിഞ്ഞിട്ടും വകവയ്ക്കാതെയുള്ള യാത്ര മരണവഴിയാണ് സംഖ്യ. 22:12, 21, 22. ബിലെയാം രാവിലെ എഴുന്നേറ്റ് കഴുതയ്ക്കു കോപ്പിട്ട് മോവാബ്യ പ്രഭുക്കന്മാരോടുകൂടെ പോയി. ദൈവത്തിന്റെ ആലോചനയെ നിരസിച്ചവരാരും ശുഭപ്പെട്ടിട്ടില്ല. ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കരുത്. (സങ്കീ. 1:1) ബിലെയാമിനു ദൈവദത്തമായി ലഭിച്ച കൃപാവരം ദുർമാർഗ്ഗത്തിലേക്കു ജനത്തെ വഴി തെറ്റിക്കാൻ മുഖാന്തിരമാക്കി. ബിലെയാം വാളാൽ കൊല്ലപ്പെട്ടു. (സംഖ്യ 31:8) അവന്റെ യാത്ര മരണവഴിയിലൂടെ ആയിരുന്നു. നമ്മുടെ യാത്ര ദൈവഹിതത്തിന് അനുസരിച്ചാണോ?

## ശിമെയി

പിന്മാറ്റത്തിന്റെ വഴി മരണവഴിയാണ്.

1 രാജാ 2.40. ശിമെയി എഴുന്നേറ്റ് കഴുതയ്ക്കു കോപ്പിട്ടു പുറപ്പെട്ടു. ദാവീദുരാജാവിനെ ശപിച്ചവനാണ്. കരുണയും നീതിയുമുള്ള ദാവീദുരാജാവ് അവനു മാപ്പു കൊടുത്തു. ദാവീദുമായി ഒരു ഉടമ്പടിയിലെത്തി. കുറെ കഴിഞ്ഞപ്പോൾ ശിമെയി കരാർ ലംഘിച്ചു. ദാവീദിന്റെ മകനായ ശലോമോൻ അവനെ കൊല്ലിച്ചു. ദൈവം ദീർഘക്ഷമയും മഹാദയയും ഉള്ളവനെങ്കിലും ദഹിപ്പിക്കുന്ന അഗ്നിയത്രെ. നാം പിന്മാറ്റത്തിന്റെ വഴിയിലോ?

## അബ്രഹാം

അനുസരണത്തിന്റെ വഴി ജീവന്റെ പാതയാണ്. ഉല്പത്തി 22:3 – അബ്രഹാം അതികാലത്ത് എഴുന്നേറ്റ് കഴുതയ്ക്കു കോപ്പിട്ടു ഹോമയാഗത്തിനു പോയി. "എന്നെ മാനിക്കുന്നവനെ ഞാൻ മാനിയ്ക്കും. എന്നെ നിന്ദിക്കുന്നവൻ നിന്ദിതൻ ആകും" (1ശമു. 2:30). അബ്രഹാം ദൈവത്തെ മാനിക്കാൻ പുറപ്പെട്ട വഴി, ജീവന്റെ വഴി ആയിരുന്നു. അബ്രഹാം അനുഗ്രഹിക്കപ്പെട്ടു. അവന്റെ തലമുറയെ ദൈവം ലോകത്തിന് അനുഗ്രഹമാക്കിത്തീർത്തു (ഉല്പത്തി 22:16–18). അനുഗ്രഹിക്കപ്പെട്ട അബ്രഹാമിന്റെ തലമുറ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും കടൽക്കരയിലെ മണൽത്തരികൾ പോലെയും ഇന്നും ലോകത്തിൽ ജീവിക്കുന്നു. അനുസരണം അനുഗ്രഹത്തിലേക്കുള്ള വഴിയാണ്.

കാണ്മീൻ നാം ദൈവമക്കളെന്നു

വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു. (1 യോഹ. 3:1)

നമ്മുടെ തലമുറകൾ മരണവഴികളിൽ യാത്ര ചെയ്യുന്നെങ്കിൽ അതിന്റെ ഉത്തരവാദികൾ നാം ഓരോരുത്തരുമാണ്. കുഞ്ഞുങ്ങൾക്കുവേണ്ടി നാം കണ്ണുനീരോടുകൂടി പ്രാർത്ഥിക്കണം. ദൈവവചനം അവരെ പഠിപ്പിക്കണം. അവർ നഷ്ടപ്പെടുകയില്ല. "നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു" (സങ്കീ. 119:105)

ജീവന്റെ പാതയിൽകൂടെ പോകുവാൻ സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ക്രിസ്തീയദാനത്തിന്റെ മുഖ്യതത്വങ്ങൾ**

1. നാം ദൈവത്തിന്റെ വകയാണ്.
2. ധനത്തെയല്ല, ദൈവത്തെ മാത്രം സേവിക്കുമെന്ന് നാം ഹൃദയത്തിൽ തീരുമാനമെടുക്കണം.
3. ആവശ്യത്തിൽ ഇരിക്കുന്നവരെ സഹായിക്കണം.
4. ധനത്തിൽ നിന്നല്ല ധനത്തിനൊത്തവണ്ണം കൊടുക്കണം.

---

# പുതിയൊരു ഹൃദയം



നമിത ലിസ് സാബു

ഹൃദയം സ്പന്ദിക്കുന്നതോടൊപ്പം
നീളുന്നോരോ ദിനവും ഈ ഭൂവിൽ
ആഗ്രഹങ്ങളും ആവശ്യങ്ങളും പേറി
ജീവിക്കും മാനവനവൻ തൻ
വിചാരങ്ങൾ വിലയേറിയതെന്നിരിക്കെ
ഈ ഭൂവിൽ സൃഷ്ടിതാവിൻ ഹിതം
നിറവേറ്റാനൊരു പുതിയ ഹൃദയം

വേണ്ടതേറ്റം അനിവാര്യമേ!
ക്രൂശിൽ നമുക്കായി ജീവനെ
ഏകിയൊരീശൻ വിളിക്കുന്നു
നമ്മുടെ ഹൃദയമാകുന്ന മന്ദിരം
അവനായേകുവാൻ!

ആ വിളി കേൾക്കുമ്പോൾ
നമ്മുടെ ജീവൻ അതിശ്രേഷ്ഠമാകുന്നു
നാം അവൻ തൻ മക്കളാകുന്നു
നിത്യജീവനവകാശിയാകുന്നു.



# കാർമേഘത്തിലെ മഴവില്ല്

അന്നമ്മ വർഗീസ്

പടിഞ്ഞാറേ ചക്രവാളത്തിൽ അസ്തമയ സൂര്യൻ അതിശോഭയോടെ തിളങ്ങുന്നു. തലേദിവസം കാർമേഘം തന്റെ പ്രകാശത്തെ തടഞ്ഞു വെച്ചതിന്റെ വാശി തീർക്കാനുള്ള പോലെ അതിഭയങ്കരമാ ശോഭ. ഈ കാഴ്ച കണ്ടും തന്റെ പൂന്തോട്ടത്തിലെ പുഷ്പങ്ങളുടെ ഭംഗി ആസ്വദിച്ചുംകൊണ്ട് ഡോ. തങ്കം ഒരു കസേരയിലിരിക്കുകയാണ്. അവൾ ചിന്തിച്ചു. താനും കുറേക്കാലത്തേക്ക് ആരും കാണാതെയും ആരേയും കാണാതെയും എല്ലാവരിൽനിന്നും അകന്നിരിക്കുന്ന ഒരവസ്ഥയിലായിരുന്നില്ല. അവളുടെ ചിന്ത തന്റെ ബാല്യകാലത്തേക്കു പറന്നുപോയി. പെട്ടെന്നതാ പുറകിലൊരുവിളി. “തങ്കം മമ്മീ”. അതാ ഓടിവരുന്നു “കനകം” എന്ന അഞ്ചുവയസ്സുകാരി.

രാത്രി കിടന്നിട്ട് തങ്കത്തിന് ഉറങ്ങാൻ കഴിയുന്നില്ല. അവൾ വീണ്ടും ബാല്യകാലസ്മരണകൾ അയവിറക്കിക്കൊണ്ടിരുന്നു. വളരെ സമ്പന്നമായ ഒരു കുടുംബത്തിലെ ഏകമകൾ. ഒന്നിനും ഒരു കുറവുമില്ല. കൊട്ടാരതുല്യമായ ഒരു വീട്. മതിൽ കെട്ടിനടുത്തുതന്നെ ഒരു കുടിൽ. തന്റെ വീടിന്റെ മുകൾനിലയിൽ നിന്നാൽ ആ കുടിലിലെ എല്ലാ കാഴ്ചകളും കാണാം. ഒരു ദിവസം ആ കുടിലിലേക്ക് അവളുടെ ശ്രദ്ധ പതിഞ്ഞു. അമ്മയുടെ വസ്ത്രത്തുമ്പിൽ ഞാന്നുകിടന്നു കരയുന്ന ഒരു പെൺകുട്ടി. ഏകദേശം അവളുടെ തന്നെ പ്രായം. അവൾ കൂടെക്കൂടെ ആ കുടിലിലേക്കു ശ്രദ്ധിക്കാൻ തുടങ്ങി. വൈകുന്നേരത്തെ ആ വീട്ടിലെ പാട്ട് അവൾ ഒരു ദിവസം ശ്രദ്ധിച്ചു.

“ഇന്നു പകൽ മുഴുവൻ കരുണയോടെന്നെ സൂക്ഷിച്ചവനേ”. അങ്ങനെ വൈകുന്നേരത്തെ പാട്ടുകേൾക്കൽ ഒരു പതിവാക്കി. ആ കുട്ടിയുടെ പേര് “ലില്ലി”യെന്ന് അവളുടെ അമ്മ വിളിക്കുന്നതു കേട്ടു മനസ്സിലായി.



അവളുമായി ഒന്നു സംസാരിക്കുവാനും ഒരുമിച്ചൊന്നു കളിക്കാനുമായി തങ്കം കൊതിച്ചു കാത്തിരുന്നു.

അങ്ങനെ പുതിയ സ്കൂൾവർഷം ആരംഭിച്ചു. പുതുപുത്തൻ വസ്ത്രങ്ങളും ബാഗും കുടയും എല്ലാമായി കുട്ടികൾ സ്കൂളിൽ എത്തിത്തുടങ്ങി. തങ്കം തന്റെ സ്വന്തം കാറിൽ അവളുടെ പപ്പയുമായി വന്നു. അല്പം ഗമയിൽ ക്ലാസ്സിൽ കയറി. എല്ലാ കുട്ടികളും എന്നുവേണ്ട അദ്ധ്യാപകർ പോലും തങ്കത്തെ ശ്രദ്ധിച്ചുപോയി. ദിവസങ്ങൾ കഴിഞ്ഞു. അപ്പോഴതാ ഒരു പെൺകുട്ടി വാഴയിലയും ചൂടി കീറിപ്പറിഞ്ഞ് ആരോ ഉപേക്ഷിച്ച ഒരു ബാഗുമായി കീറിയ ഒരു ഉടുപ്പുമിട്ട് കയറിവരുന്നു. അന്ന് കുട്ടികളുടെ മുഴുവൻ ശ്രദ്ധയും ആ കുട്ടിയിലായിരുന്നു. തങ്കം പല പ്രാവശ്യം നോക്കി. തനിക്കു പരിചയമുള്ള രൂപം. അതു തന്റെ അടുത്തുള്ള കുടിലിൽ താമസിക്കുന്ന “ലില്ലി”യെന്ന് മനസ്സിലായി. ആഴ്ചകൾ കടന്നുപോയി. വിധിവൈപരീത്യമെന്നു പറയട്ടെ. തങ്കവും ലില്ലിയും ഉറ്റ ചങ്ങാതിമാരായി. ഒഴിവുസമയങ്ങളിൽ അവർ ഹൃദയം പങ്കുവെച്ചുകൊണ്ടിരുന്നു.

ലില്ലിയുടെ അപ്പൻ അവളുടെ ചെറുപ്രായത്തിൽതന്നെ മരിച്ചുപോയി. അക്ഷരജ്ഞാനമില്ലെങ്കിലും വേദവാക്യങ്ങൾ വിളിച്ചുപറഞ്ഞ് വീഥികളിൽ യേശുവിനെ സാക്ഷിക്കുന്ന ഒരു സാധുമനുഷ്യൻ. അമ്മ വീടുകളിൽ പണി ചെയ്തും ചെറിയ കൈത്തൊഴിലുകൾ ചെയ്തും അവളെ വളർത്തുകയാണ്. കഷ്ടപ്പാടു നിറഞ്ഞ ജീവിതം. ഒരു ദിവസം ഒരു നേരമെങ്കിലും വയർ നിറയെ ആഹാരം കഴിക്കാൻ കൊതിച്ചിരുന്നു. അങ്ങനെ പട്ടിണിയിൽ കഴിയുന്ന ലില്ലിയുടെ

വയറിനെ തങ്കം തന്റെ പൊതിച്ചോറിലൂടെ പോഷിപ്പിച്ചിരുന്നു. തങ്കത്തിന്റെ അച്ഛൻ ധനാഢ്യനാണ്. വിശപ്പെന്തെന്നറിയാത്തവൻ. കരുണയില്ലാത്തവൻ. ഒരിക്കൽ ലില്ലിയുമായി സംസാരിച്ചതിന് ശിക്ഷ കിട്ടിയതാണ്. അമ്മയാകട്ടെ സാധുക്കളെ പല രീതിയിലും സഹായിക്കുന്നവളായിരുന്നു. അത് തങ്കത്തിന് ലില്ലിയെ സഹായിക്കാൻ അവസരമൊരുക്കി. കാലം കടന്നുപോയി. അവരുടെ സ്കൂൾവിദ്യാഭ്യാസം പൂർത്തിയായി.

തങ്കത്തെ ഉപരിപഠനത്തിനായി ദൂരെ ഹോസ്റ്റലിൽ ആക്കി. അവൾ അല്ലലറിയാതെ പഠിച്ച് ഒരു ഡോക്ടർ ആയി. ലില്ലിയാകട്ടെ അമ്മയുടെ കൂടെ ചില്ലറ കൈത്തൊഴിലുകളുമായി മുമ്പോട്ടുപോയി. അങ്ങനെയിരിക്കെ അവളുടെ അമ്മ ഒരു കാൻസർ രോഗിയായി മാറി. ചികിത്സിക്കാൻ പണമില്ല. മരണദിവസം എണ്ണപ്പെട്ടിരുന്നു ആ അമ്മ. മകളെ വിവാഹം കഴിച്ച് ഒരാളെ ഏല്പിക്കാൻ തീരുമാനിച്ചു. ഒരു നല്ല പയ്യൻ. എല്ലാവരാലും സമ്മതനായ ഒരു ഓട്ടോ ഡ്രൈവർ.

ആയിടെ തങ്കം അവധിക്കായി വീട്ടിലെത്തി. ലില്ലിയുടെ വിവാഹമാണെന്ന് അമ്മയിലൂടെ തങ്കമറിഞ്ഞി. അച്ഛൻ പുറത്തുപോയ സമയം നോക്കി അവൾ ലില്ലിയുടെ അടുത്തെത്തി. സ്വർണ്ണമണിഞ്ഞവരെ കണ്ടിട്ടുള്ളതല്ലാതെ അതണിയാൻ ലില്ലിക്കവസരം ലഭിച്ചിരുന്നില്ല. ഇപ്പോഴതാ കാതിൽ കുഞ്ഞുകമ്മൽ. കഴുത്തിൽ ഒരു ചെറിയ മാല. കുറേസമയം കാര്യങ്ങൾ പറഞ്ഞിരുന്നശേഷം തങ്കം തന്റെ കൈയിൽ കിടന്ന 2 വളകൾ ഊരി ലില്ലിയുടെ കരങ്ങളിലിട്ടുകൊടുത്തു. കൂടെ ഒരു താക്കീതും. "ഈ വളകൾ ഞാൻ എന്നു ചോദിക്കുമോ അന്നു തിരികെ തരണം. തന്നില്ലെങ്കിൽ എന്നെന്നും നീ എന്റേതായി മാറും".

ലില്ലിയുടെ വിവാഹം കഴിഞ്ഞു. ബുദ്ധിമുട്ടില്ലാതെ ജീവിതം തുടർന്നു. അമ്മയ്ക്ക് ചെറിയ ചികിത്സകൾ ഒക്കെ തുടങ്ങി. പക്ഷേ സമയം അതിക്രമിച്ചിരുന്നു. അധികനാൾ കഴിയും മുമ്പേ ആ അമ്മയും അവളെ വിട്ടുപോയി. എന്നാൽ അമ്മയുടെ വേർപാടിന്റെ ദുഃഖമറിയിക്കാതെ അവളെ പോറ്റിപ്പുലർത്താൻ അവളുടെ ഭർത്താവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഏതാണ്ട് രണ്ട് വർഷം കഴിഞ്ഞപ്പോൾ ലില്ലി ഒരു പെൺകുഞ്ഞിന് ജന്മം നൽകി. ആ കുടുംബം സന്തോഷമായി ജീവിതം തുടർന്നു. ഈ സന്തോഷവും അധികം നിലനിന്നില്ല. ഒരു ആക്സിഡന്റിൽ ലില്ലിയുടെ ഭർത്താവ് തൽക്ഷണം മരിക്കാനിടയായി. അവൾക്ക് താങ്ങാനാവാത്ത ഈ ദുഃഖത്തിൽ പലരും അവളെ ആശ്വസിപ്പിച്ചു. മറ്റുള്ളവരുടെ ആശ്വസിപ്പിക്കലിനും സഹായത്തിനുമൊക്കെ ഒരു പരിധിയുണ്ടല്ലോ. ക്രമേണ അവളും കുഞ്ഞും തനിച്ചായി. അവൾ ഒരു ഉറച്ച തീരുമാനമെടുത്തു. "തന്റെ മകളെ വളർത്തി വലുതാക്കണം". അവൾ മനസ്സില്ലാമനസ്സോടെ കുഞ്ഞിനെ അടുത്തുള്ള ഒരു അനാഥാലയത്തിൽ ഏല്പിച്ചു. ഒരു വ്യവസ്ഥയിൽ. "ഞാൻ എന്നു തിരിച്ചുവരുമോ അന്ന് കുഞ്ഞിനെ തിരികെത്തരണം". അങ്ങനെ തന്റെ മകളെ ഏല്പിച്ചിട്ട് അല്പം ദൂരെ ഒരു സ്ഥലത്തേക്ക് ജോലിതേടിപ്പോയി. പല വീടുകളിലും കയറിയിറങ്ങി. അവൾ ക്ഷീണിച്ചവശയായി. എവിടെയെങ്കിലും ഒരു പണി കിട്ടിയിരുന്നെങ്കിൽ എന്ന് ചിന്തിച്ചുനടക്കുമ്പോൾ അതാ ദൂരെ ഒരു ഇരുനില വീട് ഗേറ്റ് തുറന്നുകിടക്കുന്നു. അവൾ ആ വീട്ടിലേക്കു കയറി



ച്ചെന്നു. അവിടെയതാ പൂന്തോട്ടത്തിലെ കസേരയിൽ ഒരു സ്ത്രീ താടിക്കു കൈയും കൊടുത്ത് ദൂരേക്ക് കണ്ണും നട്ട് ചിന്താമഗ്നയായിട്ടിരിക്കുന്നു. അവൾ കയറിച്ചെന്ന് "കൊച്ചമ്മേ, കൊച്ചമ്മേ" ഒന്നു വിളിച്ചു, രണ്ടു വിളിച്ചു. അവൾ തലയുയർത്തിനോക്കി. എന്തോ രണ്ടുപേരും തുറിച്ചുനോക്കി. വർഷങ്ങൾക്കുശേഷം ബാല്യകാല സുഹൃത്തുക്കൾ കണ്ടുമുട്ടിയ നിമിഷം. പരസ്പരം തിരിച്ചറിഞ്ഞപ്പോൾ നിമിഷങ്ങളോളം കണ്ണിൽനോക്കി നില്ക്കാനല്ലാതെ അണപൊട്ടിയ സന്തോഷത്താൽ സംസാരിക്കാൻ കഴിഞ്ഞില്ല. പിന്നെ ഇടറിയ സ്വരത്തിൽ വിശേഷങ്ങളുടെ ചെപ്പുകൾ ഒന്നൊന്നായി തുറന്നു.

തങ്കം തന്റെ സങ്കടകഥ വിവരിച്ചു. തന്നെപ്പോലെതന്നെ സമ്പന്നനായ ഒരു ഡോക്ടറുമായി വിവാഹം നടന്നു. വെറും അഞ്ചുദിവസത്തെ ജീവിതം. ഒരു കാർ ആക്സിഡന്റിനെ തുടർന്ന് ചലനശേഷി നഷ്ടപ്പെട്ട തന്റെ ഭർത്താവ് രണ്ടുവർഷമായി ഒരേ കിടക്കയിലാണ്. വൈദ്യശാസ്ത്രം തോറ്റിരിക്കുന്ന അവസ്ഥ. ഭർത്താവിന്റെ ചികിത്സാർത്ഥം പുതിയ വീട് വാങ്ങിത്താമസിക്കുകയാണ്. തന്റെ സങ്കടം മാറുവാൻ ഒരു കുട്ടിയെ ദത്തെടുത്തു വളർത്താൻ പലരും നിർബന്ധിക്കുന്നു. അതുകൊണ്ട് അതിനു പ്ലാനിട്ടിരിക്കുകയാണെന്നും തങ്കം പറഞ്ഞു. ലില്ലി തന്റെ കാര്യങ്ങളെല്ലാം പറഞ്ഞെങ്കിലും കുട്ടിയുടെ കാര്യം മാത്രം പറഞ്ഞില്ല.

അന്ന് ലില്ലിയും തങ്കവും ബാല്യകാലത്തിലേതെന്നപോലെ സംസാരിക്കാൻ തുടങ്ങി. അപ്പോൾ തങ്കം ചോദിച്ചു "അല്ല, നിന്റെ കൈയിൽ ഞാൻ ഇട്ടുതന്ന രണ്ടു വളകൾ എവിടെ?" ലില്ലി ശിരസ്സു നമിച്ചുകൊണ്ട് കൈകൾ കൂപ്പി പറഞ്ഞു: "ഡോക്ടർ തങ്കം, ആ രണ്ടു വളകൾക്കായി ഞാൻ എന്നും നിന്റേതായി ജീവിച്ചുകൊള്ളാം." അന്നു തമാശ പറഞ്ഞു എങ്കിലും ഇന്ന് അത് കാര്യമായി പരിണമിച്ചു.

രണ്ടു ദിവസം കഴിഞ്ഞ ലില്ലി തങ്കത്തോടു പറഞ്ഞു "നിനക്ക് ഒരു കുട്ടിയെ ദത്തെടുക്കാൻ ആഗ്രഹമുണ്ടെങ്കിൽ എന്റെ കൂടെ വരിക. ഞാൻ ഒരു കുഞ്ഞിനെ കാണിച്ചുതരാം." അങ്ങനെ അവൾ തന്റെ കുഞ്ഞിനെ ഏല്പിച്ചിരുന്ന അനാഥമന്ദിരത്തിൽ ചെന്നു. അകത്തുകയറി സിസ്റ്റേഴ്സിനോട് വിവരമെല്ലാം പറഞ്ഞു. അവർ കുഞ്ഞുമായി പുറത്തുവന്നു. തങ്കത്തിന് കുഞ്ഞിനെ വളരെയിഷ്ടമായി. മാത്രമല്ല, കുഞ്ഞ് ലില്ലിയുമായി വളരെ അടുപ്പത്തിലുമായി. ലില്ലി തന്റെ ഓമനമകൾ "വല്ലി"യെ തങ്കത്തിന്റെ കൈയിലേക്കു കൊടുത്തു. തങ്കം ആ കുഞ്ഞിന്റെ മുഖത്തും നെറ്റിയിലും തുടരെ മുത്തം നൽകിക്കൊണ്ടിരുന്നു. സിസ്റ്റേഴ്സ് സംഭവിച്ച കാര്യങ്ങ

ളെല്ലാം വിശദമായി തങ്കത്തെ പറഞ്ഞുകേൾപ്പിച്ചു. തങ്കം പൊട്ടിക്കരഞ്ഞുകൊണ്ട് കുഞ്ഞിനെ ലില്ലിയുടെ കരങ്ങളിലേൽപിച്ചു. ആർക്കും വേർപെടുത്താനാവാത്തവിധം അവർ പരസ്പരം ആലിംഗനം ചെയ്തുകൊണ്ട് ഉച്ചത്തിൽ കരഞ്ഞു. അവർ കുഞ്ഞുമായി വീട്ടിലേക്കു മടങ്ങാൻ നേരം സിസ്റ്റേഴ്സും തങ്കവും ലില്ലിയും കുഞ്ഞുമായി മുട്ടുകുത്തി അവർ പാടി:–

**"പരീക്ഷ എന്റെ ദൈവം അനുവദിച്ചാൽ**
**പരിഹാരമെനിയ്ക്കായ് കരുതീട്ടുണ്ട്**
**എന്തിനെന്നു ചോദിക്കില്ല ഞാൻ**
**എന്റെ നന്മയ്ക്കായെന്നറിയുന്നു ഞാൻ".**

അവർ തങ്കത്തിന്റെ വീട്ടിലെത്തി. വല്ലിയെന്ന കുഞ്ഞിനെ തങ്കം പേരുമാറ്റി "കനകം" എന്നു വിളിക്കാൻ തുടങ്ങി. എല്ലായിടത്തും തുള്ളിച്ചാടി ആ വീട്ടിലെ കണ്ണിലുണ്ണിയായി അവൾ വളരുകയാണ്. തങ്കം തന്റെ എല്ലാ ദുഃഖങ്ങളും മറന്ന് സന്തോഷവതിയായി. അതിലിരട്ടി സന്തോഷം ലില്ലിക്കും. ഹൃദയം രണ്ടാണെങ്കിലും തങ്കത്തിനും ലില്ലില്ലും ആഗ്രഹം ഒന്നുമാത്രം. കനകത്തെ വളർത്തി പഠിപ്പിച്ച് വലിയ ഒരാളാക്കണം. ചലനശേഷി നഷ്ടപ്പെട്ട് കിടക്കയിലായിരുന്ന ഭർത്താവിന് ഈ കുട്ടിയുടെ സാന്നിദ്ധ്യം വൈദ്യശാസ്ത്രം കണ്ടെത്താത്ത ഒരു ദിവ്യ ഔഷധമായിമാറി. പ്രാർത്ഥനയില്ലാത്ത ആ വീട്ടിൽ സിസ്റ്റേഴ്സ് കാട്ടിയ മാതൃക അവിടെ തുടങ്ങാനിടയായി.

എല്ലാ ദിവസവും അവർ ഭർത്താവിന്റെ കിടക്കയ്ക്കരികിൽ മുട്ടുകുത്തിനിന്ന് പ്രാർത്ഥിക്കുന്നത് ഒരു പതിവായി മാറി. അവർ ഉള്ളംനൊന്ത് പ്രാർത്ഥിക്കാൻ തുടങ്ങി. "ദൈവമേ ഇനിയും ദുഃഖം വേട്ടയാടാൻ സമ്മതിക്കരുതേ" എന്ന്. ആ ഭവനത്തിലെ കാർമേഘത്തിൽ തെളിഞ്ഞ ഒരു മഴവില്ലാണ് കനകം. "തങ്കം മമ്മീ" എന്നു വിളിച്ചുകൊണ്ട് തങ്കത്തെ ചിന്താലോകത്തുനിന്ന് പിന്തിരിപ്പിച്ചത് ആ അഞ്ചുവയസ്സുകാരി കനകം ആയിരുന്നു.

## സങ്കീർത്തനം 91

★ മനുഷ്യനെ ഉപദ്രവിക്കുന്ന ദൃശ്യവും അദൃശ്യവുമായ സകല ദുഷ്ടശക്തികളിൽനിന്നും വിടുവിക്കുന്ന ഒരു 'വേദമന്ത്രം' എന്നാണ് ഈ സങ്കീർത്തനം അറിയപ്പെടുന്നത്.

★ മനസ്സിന്റെ ഭയം മാറ്റി ധൈര്യവും ശക്തിയും പ്രദാനം ചെയ്യുന്ന ഒരു ആത്മീയ ഔഷധമാണ് ഈ സങ്കീർത്തനം.

★ ദൈവത്തിന്റെ സംരക്ഷണവും ഭക്തന്റെ സുരക്ഷിതത്വവുമാണ് ഇതിലെ ഇതിവൃത്തം.

★ അന്ധകാരശക്തികളെക്കുറിച്ചുള്ള ഭയത്തിലും രാത്രികാലങ്ങളിലും വിജനസ്ഥലങ്ങളിലും തനിച്ചു സഞ്ചരിക്കുമ്പോഴും മനോവിഷമമുണ്ടാകുമ്പോഴും ചൊല്ലാറുള്ള ഒരു ഗീതമാണ് 91–ാം സങ്കീർത്തനം.

★ സർവ്വശക്തനായ ദൈവത്തിൽ ആശ്രയിക്കുന്നവരെ അവൻ കാത്തുസൂക്ഷിക്കുമെന്നും അവർക്ക് സംരക്ഷണവും സങ്കേതവും പൂർണ്ണസമാധാനവും ലഭിക്കുമെന്നും ഉറപ്പുനൽകുന്ന ഒരു സങ്കീർത്തനമാണിത്.

**ജെസ്സി രാജു**



# ബട്ടർ ചിക്കൻ

## ചേരുവകൾ

Chicken........................1½ kg (ചെറിയ കഷണങ്ങൾ ആക്കിയത്)
Butter............................3 Table Spoon
Cocking Oil.................3 Table spoon
Fresh cream (Amul)..2 small packet
Big onion .....................4 വലുത് കൊത്തിയരിഞ്ഞത്
Garlic............................8 എണ്ണം ചെറുതായി അരിഞ്ഞത്
Ginger ..........................ഒരു വലിയ കഷണം കൊത്തിയരിഞ്ഞത്
Greenchilly ..................മൂന്നെണ്ണം വട്ടത്തിൽ അരിഞ്ഞത്
Tomato pury ................4 വലുത് തിളച്ചവെള്ളത്തിൽ ഇട്ട് തൊലികളഞ്ഞ് അരച്ചെടുക്കുക.
Tomato Ketchup........2 table spoom
Chilly Powder............1 table spoon
Garam Masala ..........1 table spoon
Cashewnut................15 pcs. (അരച്ചെടുത്തത്)
Kasuri Mehti..............2 table spoon
Corriander leaves ......¼ കപ്പ് (പൊടിയായി അരിഞ്ഞത്)
Salt ..............................ആവശ്യത്തിന്



ഷൈല ജേക്കബ്

## പാകം ചെയ്യുന്നവിധം

പാത്രം ചൂടാകുമ്പോൾ ബട്ടറും കുക്കിംങ് ഓയിലും ഒഴിച്ച് അരിഞ്ഞുവെച്ച ഗാർലിക്കും ജിഞ്ചറും ഇട്ട് ചെറുതായി വഴറ്റുക. അതിലേക്ക് സവോളയും പച്ച മുളകും ചേർത്ത് നല്ലതായി വഴറ്റുക. വഴന്നു കഴിയുമ്പോൾ മുളകുപൊടിയും അല്പം മഞ്ഞൾപൊടിയും ചേർത്ത് വഴറ്റുക. അതിലേക്ക് റ്റൊമാറ്റോ പൂരി ചേർത്ത് ചെറുതായി വഴറ്റുക. അതിലേക്ക് Tomatto ketchup ഉം Fresh cream, 1 table spoon kasuri mehti ചേർത്ത് നന്നായി ഇളക്കുക. അതിലേക്ക് വൃത്തിയാക്കി വെച്ച ചിക്കഷൻ പീസും ആവശ്യത്തിന് ഉപ്പും ചേർത്ത് ചെറിയ തീയിൽ വേവിക്കുക. വെന്തു കഴിയുമ്പോൾ കാഷ്യൂനട്ട് അരച്ചതും ബാക്കി kasuri mehti യും ചേർത്ത് നന്നായി ഇളക്കുക. അതിലേക്ക് മല്ലിഇല ഇട്ട്, തീ ഓഫ് ചെയ്യുക.

ലേഖനം

# യഹോവയുടെ ദിവസം



ലിസ്സി തോമസ്

**യോവേൽ 2: 13**
*"എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണ ഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടും കൂടെ എങ്കലേക്ക് തിരിവീൻ എന്ന് യഹോവയുടെ അരുളപ്പാട്".*

പഴയ നിയമകാലത്ത് ഏറ്റവും അവസാനത്തെ പ്രവാചകനായിരുന്നു യോവേൽ. യിസ്രായേൽ ജനതയ്ക്കുണ്ടാകേണ്ട മാനസാന്തരം, ന്യായവിധി, രക്ഷയ്ക്കായുള്ള പ്രാർത്ഥന എന്നിവയേക്കുറിച്ച് ഈ പ്രവചനത്തിൽ പ്രതിപാദിക്കുന്നു. യഹൂദദേശക്കാരനായ യോവേൽ യഥാർത്ഥ മാനസാന്തരത്തെക്കുറിച്ച് പ്രബോധിപ്പിക്കുന്നു. വസ്ത്രങ്ങളെയല്ല, നിങ്ങളുടെ ഹൃദയങ്ങളെത്തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് ചെല്ലുവീൻ എന്ന് ആഹ്വാനം ചെയ്യുന്നു.

'യഹോവയുടെ ദിവസം' അടുത്തിരിക്കുന്നു എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. സത്യസന്ധമായ അനുതാപത്തിന്റെ ഫലമായി 'യഹോവയുടെ ദിവസം' ദൈവജനത്തിന്റെ ഉദ്ധാരണമാകും. മനുഷ്യഹൃദയത്തിന്റെ രൂപാന്തരമാണ് ദൈവം ആഗ്രഹിക്കുന്നത്. ഉപവാസത്താലും പ്രാർത്ഥനയാലുമാണ് ഈ രൂപാന്തരം ലഭ്യമാകുന്നത്. യെശ: 58:7 ൽ യഥാർത്ഥ ഉപവാസത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. വിശപ്പുള്ളവരെയും സാധുക്കളെയും നഗ്നനേയും സഹായിക്കുകയും ചേർത്തുകൊള്ളുകയും ചെയ്യുന്നതാണ് ജീവിതത്തിൽ ആവശ്യം. ഇയ്യോബ് 8:5-7 വരെയുള്ള ഭാഗങ്ങളിൽ ദൈവത്തെ എങ്ങനെ അന്വേഷിക്കണമെന്ന് കാണിച്ചുതരുന്നു.

'യഹോവയുടെ ദിവസം' ഒരു വിശുദ്ധീകരണത്തിന്റെ നാന്ദിയാണ് യോവേൽ 1:3 ൽ "ഇതു നിങ്ങൾ നിങ്ങളുടെ മക്കളോടും നിങ്ങളുടെ മക്കൾ അവരുടെ മക്കളോടും അവരുടെ മക്കൾ വരുവാനുള്ള തലമുറയോടും വിവരിച്ചു പറയേണം".

എന്താണ് തലമുറയോട് പറയേണ്ടത്? ആവർത്തനം 28:38-48 വരെയുള്ള ഭാഗങ്ങളിൽ യഹോവയുടെ ദിവസം സർവ്വശക്തന്റെ പക്കൽനിന്ന് സംഹാരദൂതനെപ്പോലെ വന്നു ഭവിക്കുന്നത് കാണാം. നമ്മുടെ ദൈവമായ യഹോവയെ ഉന്മേഷത്തോടും നല്ല ഹൃദയസന്തോഷത്തോടും സേവിക്കണം.

'യഹോവയുടെ ദിവസം' ശത്രുശക്തിയുടെ തോൽവിയുടെ ആരംഭമാണ്. ആമോസ് 4:9 ൽ പറയുന്നു. കർത്താവിന്റെ ശിക്ഷയെ അവഗണി

ക്കുന്നതായ ജനം. എത്ര കഷ്ടത്തിൽ ആയിരുന്നാലും കർത്താവിങ്കലേക്ക് തിരിഞ്ഞു നോക്കാത്ത ജനം. ആമോസ് 3:11 "അതുകൊണ്ട് യഹോവയായ കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു, ദേശത്തിനുചുറ്റും ഒരു വൈരി ഉണ്ടാകും. അവൻ നിന്റെ ഉറവ് നിങ്കൽനിന്ന് താഴ്ത്തിക്കളയും".

യഹോവയുടെ ദിവസം വലുതും അതിഭയങ്കരവുമാകുന്നു. യോവേൽ 2:1–11 വരെ യെറുശലേമിൽ ശത്രുസൈന്യത്തിന്റെ പോരാട്ടത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.

'യഹോവയുടെ ദിവസം' വീരൻ കഠിനമായി നിലവിളിക്കുന്ന ദിവസമാണ് സെഫന്യാവ് 1:14–18, യിരമ്യാവ് 17:23 അവർ കേട്ടില്ല, ചെവി ചായിച്ചതുമില്ല...... അവർ ശാഠ്യം കാണിച്ചു. ദൈവവചനത്തെ മറുതലിക്കുന്നതായ തലമുറ! അനുസരണക്കേടിന്റെ ശാപം പേറി നടക്കുന്ന ജനത!

ശത്രുവിന്റെ പോരാട്ടത്തിൽ നിന്ന് രക്ഷ പ്രാപിപ്പാൻ ഉപവസിപ്പാനും വിലപിപ്പാനും നമ്മെ ആഹ്വാനം ചെയ്യുന്നു. യോവേൽ 2:12–17 ൽ എല്ലാവർക്കും ആന്തരികമായ ഒരു പശ്ചാത്താപമുണ്ടാകാൻ പ്രവാചകൻ ആഗ്രഹിക്കുന്നു. പശ്ചാത്താപം എന്നു പറയുന്നത് തെറ്റായ വഴിയിലൂടെ നടക്കുന്നവരുടെ തിരിച്ചുവരവാണ്. അനുതാപഹൃദയത്തോടെ ദൈവസന്നിധിയിൽ നില്ക്കണം. ഒരു ഹൃദയവ്യതിയാനമാണ് അനുതാപം.

യോവേൽ 3-ൽ ദൈവജനത്തിന്റെ ശത്രുക്കളുടെ മേലുള്ള ന്യായവിധിയെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നു. വെളിപാട് 16:15, 16 ഒരു വിശുദ്ധയുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. ദൈവജനത്തെ പീഢനത്തിൽനിന്നും മോചിപ്പിക്കാൻ ദൈവം നടത്തുന്ന യുദ്ധം. യെഹെ. 37:24–28 ൽ ദൈവം



"വിശപ്പുള്ളവരെയും സാധുക്കളെയും നഗ്നനേയും സഹായിക്കുകയും ചേർത്തുകൊള്ളുകയും ചെയ്യുന്നതാണ് ജീവിതത്തിൽ ആവശ്യം"

തന്റെ മക്കൾക്ക് കൊടുക്കുന്ന വാഗ്ദത്തം നമ്മെ ഓർമ്മിപ്പിക്കുന്നു. സ്നേഹത്തിന്റെയും കരുതലിന്റെയും ആഴം നമ്മൾക്ക് മനസ്സിലാക്കാം.

യഹോവ കരുണയും കൃപാലുവുമായ ദൈവമാണ്. നമ്മുടെ അഭയസ്ഥാനം ദൈവം മാത്രമാണ് പരിശുദ്ധാത്മാവിന്റെ വ്യാപാരശക്തിയാൽ 'യഹോവയുടെ ദിവസം' വരുവോളം ദൈവം നമ്മെ വഴി നടത്തും. കർത്താവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി കാത്തിരിക്കാം. അവൻ വീണ്ടും വരുമ്പോൾ നമ്മൾ ഒരുക്കത്തോടെ അവന്റെ ഭവനത്തിൽ ചേർക്കപ്പെടുവാൻ തക്ക യോഗ്യത നമ്മൾക്കുണ്ടായെന്ന് ശോധന ചെയ്യാം. അവൻ പോയതുപോൽ വീണ്ടും വരും. സെഖര്യാവ് 4:6–"സൈന്യത്താലല്ല; ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രെ എന്ന് സൈന്യങ്ങളെ യഹോവ അരുളിചെയ്യുന്നു". പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച് യഹോവയുടെ ദിവസത്തിനായ് കാത്തിരിക്കാം.

# പ്രതിസന്ധിയിലും ദൈവകരുതൽ



സോണി മേരി വർഗീസ്

2010 ജനുവരി 26-ാം തീയതി ഞങ്ങളുടെ ജീവിതത്തിലെ വേദനാജനകമായ ഒരു ദിവസമായിരുന്നു. അന്ന് ഞാൻ എന്റെ രണ്ടാമത്തെ കുഞ്ഞിനെ ഏഴു മാസം ഗർഭിണി ആയിരുന്നു. ഏഴു മാസം തികഞ്ഞതിനുശേഷമുള്ള സ്കാനിങ്ങിനായി കോട്ടയം തെള്ളകത്തുള്ള മാതാ ഹോസ്പിറ്റലിൽ കുടുംബമായി ഞങ്ങൾ എത്തിച്ചേർന്നു. സ്കാനിംഗ് റൂമിലേക്കു ഞാൻ പ്രാർത്ഥനയോടെ കയറിച്ചെന്നു. സ്കാനിംഗ് നടത്തിയത് എന്റെ ബന്ധുവായ ഡോക്ടർ തന്നെയായിരുന്നു. സ്കാൻ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഡോക്ടറുടെ മുഖത്ത് മ്ലാനത പ്രകടമായിരുന്നു. പ്രശ്നത്തിന്റെ ഗൗരവത്തെക്കുറിച്ച് എനിക്കു മനസ്സിലായില്ല. സ്കാനിങ്ങിനു ശേഷം ഡോക്ടർ എന്റെ ഭർത്താവിന്റെ സാന്നിദ്ധ്യത്തിൽ വെച്ച് ഉദരത്തിലുള്ള കുഞ്ഞിന് ഒരു വൈകല്യം ഉള്ളതായി ബോധ്യപ്പെടുത്തി. തലച്ചോറിൽ വെൻട്രിക്കിൾ എന്ന ഒരു ഭാഗമുണ്ടെന്നും സാധാരണ ഒരു കുഞ്ഞിന് അതിന്റെ 5 സെ.മീ. മുതൽ 8 സെ.മീ. വരെ ആകാവൂ എന്ന് ഡോക്ടർ ഞങ്ങൾക്കു മനസ്സിലാക്കിത്തന്നു. എന്നാൽ ഈ കുഞ്ഞിന്റെ വെൻട്രിക്കിളിന്റെ വലിപ്പം 1.1 സെ.മീ. ഉണ്ടെന്നും, ഇത് കാലക്രമേണ കൂടാൻ സാധ്യതയുണ്ടെന്നും അങ്ങനെയുണ്ടാകുന്ന കുഞ്ഞ് മാനസിക വൈകല്യമോ ഓട്ടിസമോ മറ്റേതെങ്കിലും തരത്തിലുള്ള തലച്ചോർ സംബന്ധിയായ രോഗമുള്ള കുഞ്ഞായി ഇവൻ മാറുമെന്ന് ഡോക്ടർ ഞങ്ങൾക്കു പറഞ്ഞുതന്നു. വളരെയധികം വേദനയോടെയാണ് ഞങ്ങൾ ആശുപത്രി വിട്ടത്.

യേശുകർത്താവിൽ മാത്രമേ ഇതിൽ നിന്നൊരു വിടുതൽ തരാനാകൂ എന്ന് ഞങ്ങൾ വിശ്വസിച്ചു. ഹൃദയഭാരത്തോടെ മാതാപിതാക്കളുമായി ഞങ്ങൾ ഈ വസ്തുത പങ്കുവെച്ചു. അന്നുമുതൽ വേദപുസ്തകത്തിലെ ദൈവീകവാഗ്ദത്തങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഞങ്ങൾ ഒരുമിച്ചു കൈകോർത്തു പിടിച്ചു പ്രാർത്ഥിച്ചു. വിശ്വാസത്തിന്റെ വാക്കുകൾ ഉറക്കെ പറഞ്ഞു. ദൈവം ഞങ്ങൾക്ക് പൂർണ്ണ ആരോഗ്യമുള്ള ഒരു കുഞ്ഞിനെ തരുമെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിച്ചു. അങ്ങനെ ധൈര്യത്തോടും പ്രത്യാശയോടുംകൂടെ ഞാൻ എന്റെ സ്വദേശമായ സുൽത്താൻബത്തേരിയിലെ ഒരു സ്വകാര്യആശുപത്രിയിലെ പ്രഗൽഭയായ ഒരു ഡോക്ടറിനെ

കണ്ടു. ഈ വിവരം അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. അവർ ഹൈന്ദവസമുദായത്തിൽപ്പെട്ട വ്യക്തിയായിരുന്നുവെങ്കിലും ആത്മവിശ്വാസത്തോടെയായിരുന്നു പ്രതികരിച്ചത്.

ഏപ്രിൽ മാസം 4-ാം തീയതി ഒരു ഈസ്റ്റർ ദിവസം എന്നെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ആറാം തീയതി ഞാൻ ഒരു ഒരു ആൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്തു. പ്രസവം നടന്നയുടനെ ബാഹ്യമായ പരിശോധനയിലൂടെ കുഞ്ഞ് വൈകല്യമില്ലാത്ത പൂർണ്ണവളർച്ചയുള്ള കുഞ്ഞാണെന്ന് ഡോക്ടർ എന്നോട് പറയുകയുണ്ടായി. പിറ്റേദിവസം ഒരു സ്വകാര്യമുറിയിലേക്ക് ഞങ്ങളെ മാറ്റി. അന്നു വൈകുന്നേരം കുഞ്ഞിന്റെ മലത്തിൽ രക്തത്തിന്റെ അംശം ഞങ്ങളുടെ ശ്രദ്ധയിൽപെട്ടു. വീണ്ടും അത് ആവർത്തിച്ചപ്പോൾ ഇത് ഗൗരവമുള്ളതാണെന്ന് തോന്നുകയും ഡോക്ടറുടെ ശ്രദ്ധയിൽപെടുത്തുകയും ചെയ്തു. അപ്പോഴാണ് ഇത് ആയിരം കുഞ്ഞുങ്ങളിൽ ഒരാൾക്കു വരുന്ന രോഗമാണെന്നും ഇതിനെ Haemorrhagic disease of the Newborns എന്നാണ് പറയുന്നതെന്നും ഡോക്ടർ മനസ്സിലാക്കിത്തന്നു. രക്തം കട്ട പിടിക്കാനുള്ള ഘടകങ്ങളുടെ കുറവു മൂലം രക്തസ്രാവം ഉണ്ടാകുന്നതാണ് ഈ രോഗത്തിന്റെ പ്രത്യേകത. ഇത് മാരകമല്ലെന്നും ഇതിനു പരിഹാരം ഉണ്ടെന്നും വ്യക്തമാക്കി അവർ ഞങ്ങളെ ആശ്വസിപ്പിച്ചു. എങ്കിലും ഞങ്ങൾക്ക് ഭയവും ആശങ്കയും ഉണ്ടായിരുന്നു. ഞങ്ങൾ കണ്ണുനീരോടെ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു.

ഇതിന്റെ പരിഹാരം കുഞ്ഞിന്റെ രക്തഗ്രൂപ്പ് ഏതാണെന്ന് തിരിച്ചറിഞ്ഞ് അത് മാതാപിതാക്കളുടെ രക്തവുമായി താരതമ്യം ചെയ്ത് അതിൽ പൊരുത്തമുള്ള രക്തം 60 ml കുഞ്ഞിന്റെ ശരീരത്തിലേക്ക് കയറ്റുകയും ആ രക്തം കുഞ്ഞിന്റെ ശരീരവുമായി പൊരുത്തപ്പെടാൻ ഒരു കോഴ്സ് ആന്റിബയോട്ടിക് ഇൻജക്ഷൻ എടുക്കണമെന്നും ആവശ്യപ്പെട്ടു. കുഞ്ഞിന്റെ രക്തഗ്രൂപ്പ് പരിശോധിച്ചപ്പോൾ A+ ആണെന്ന് തിരിച്ചറിഞ്ഞു. ഞാൻ ക്ഷീണിതയായതിനാൽ രക്തം എടുക്കാനാവില്ലെന്ന് നിർദ്ദേശിച്ചപ്പോൾ അവിടുത്തെ ഒരു ലാബ് അസിസ്റ്റന്റ് തന്നെ രക്തം നൽകാൻ തയ്യാറായി. അന്നേ ദിവസം ഏകദേശം 6 മണിക്കൂർ കൊണ്ടാണ് കുഞ്ഞിന്റെ ശരീരത്തിൽ രക്തം കയറ്റിയത്. പിറ്റേദിവസം മുതൽ ഇൻജെക്ഷനും ആരംഭിച്ചു. (5 ഇൻജെക്ഷനാണ് ഒരു കോഴ്സ്). ആദ്യ കോഴ്സിന്റെ അവസാന ഇൻജെക്ഷൻ എടുക്കാൻ ബാക്കി നിൽക്കവേ ഡോക്ടർ ഞങ്ങൾക്ക് വീട്ടിൽ പോകാൻ അനുവാദം തന്നു.

പിറ്റേദിവസം രാവിലെ വന്ന് അവസാന ഇൻജെക്ഷൻ എടുക്കണമെന്നും അതിനുശേഷം രക്തപരിശോധന നടത്തി രക്തം കട്ടയാകാനുള്ള ഘടകങ്ങൾ കുഞ്ഞിന്റെ രക്തത്തിൽ ഉണ്ടെന്ന് ഉറപ്പുവരുത്തണമെന്നും അവർ അഭിപ്രായപ്പെട്ടു. എന്തെങ്കിലും പ്രശ്നം കണ്ടാൽ വീണ്ടും ഒരു കോഴ്സ് ആന്റിബയോട്ടിക് ഇൻജെക്ഷൻ എടുക്കണമെന്ന് ഡോക്ടർ ആവശ്യപ്പെട്ടു. അന്ന് ഞങ്ങൾ 138-ാം സങ്കീർത്തനത്തിന്റെ 13, 14 വാക്യങ്ങൾ തുടർച്ചയായി ഉരുവിടുകയും ധ്യാനിക്കുകയും ചെയ്തിരുന്നു.

പിറ്റേദിവസം നടത്തിയ രക്തപരിശോധനയിൽ കുഞ്ഞിന്റെ രക്തത്തിൽ രക്തം കട്ടയാകാനുള്ള ഘടകങ്ങൾ പൂർണ്ണതോതിൽ ഉള്ളതായി മനസ്സിലാക്കുവാൻ സാധിച്ചു. സക

ലമാനവും മഹത്വവും യേശുവിന് സ്തോത്രം. പിന്നീടുള്ള അവന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും ദൈവിക പരിപാലനം ഞങ്ങൾ അനുഭവിച്ചു. പിന്നീട് നടത്തപ്പെട്ട പരിശോധനകളിൽ എല്ലാം, അവൻ തികച്ചും പൂർണ്ണവളർച്ചയുള്ള കുഞ്ഞാണെന്ന് തെളിയിക്കപ്പെട്ടു. പ്രതിസന്ധിയുടെ ഈ കാലഘട്ടത്തിൽ ദൈവം ഞങ്ങൾക്ക് നൽകിയ വാഗ്ദത്തവാക്യപ്രകാരം (യിരെ. 1:5–നിന്നെ ഉദരത്തിൽ ഉരുവാക്കിയതിന് മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. നീ ഗർഭപാത്രത്തിൽ നിന്നു പുറത്തു വന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു, ജാതികൾക്കു പ്രവാചകനായി നിയമിച്ചിരിക്കുന്നു) അവന് 'JEREMIAH' (യിരെമ്യാവ്) എന്ന പേര് നൽകുകയും ചെയ്തു.

ഈ ദൈവം ഇന്നും ഇന്നലെയും എന്നേക്കും മാറ്റമില്ലാത്തവനാണ്. അവൻ നമ്മെ ഓരോരുത്തരെയും വഴി നടത്തുവാൻ ശക്തനാണ്. ആ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് മുന്നേറുവാൻ നമ്മെ ഓരോരുത്തരെയും ദൈവം സഹായിക്കട്ടെ.

---

## Jesus Christ the same yesterday today and forever



Lord Tennyson

Death be not proud
A short skep
And I will wake up again eternally
A short voyage.
And I will meet my maker face to face

മരണമേ നീ അധികം അഹങ്കരിക്കേണ്ട
ഒരു ചെറിയ ഉറക്കം മാത്രം
ഞാൻ വീണ്ടും നിത്യമായി ഉണരും
ഒരു ചെറിയ കപ്പൽ യാത്ര
ഒരു ചെറിയ കടൽയാത്ര
ഇതു കഴിഞ്ഞ് ഞാൻ അക്കരെ തീരത്ത് എന്റെ സൃഷ്ടാവിനെ മുഖാമുഖം കാണും.



ശാന്ത കോരുള



Shakespeare

"ജീവിതം
അനിശ്ചിതമാണ്.
മരണം
സുനിശ്ചിതവും".



Shelly

"എത്ര മനോഹരമാണ്
മരണം. മരണവും
അവന്റെ സഹോദരൻ
ഉറക്കവും".



Mother Theressa

"മരണമെന്നു
പറഞ്ഞാൽ
നമ്മുടെ
വീട്ടിലേക്കുള്ള
യാത്രയാണ്".




John Bunyan

"പരദേശി മോക്ഷയാത്രയിൽ"
മരണം എന്താണെന്ന് പറയുന്നു.
"ശത്രുക്കളുടെ മധ്യത്തിൽനിന്ന്
മിത്രങ്ങളുടെ സംഘത്തിലേക്കും
നിന്ദയിൽനിന്ന് നിത്യമഹത്വ
ത്തിലേക്കും കടത്തിവിടുന്ന
വാതായനം ആണ്
എനിക്കു മരണം."



# Dream Big



ആൻ മേരി ജേക്കബ്

പ്രതീക്ഷ നിർഭരമാണ് നമ്മുടെയൊക്കെ ജീവിതം എന്തൊക്കെ പ്രശ്നങ്ങൾ സംഭവിച്ചാലും നല്ലൊരു നാളയെ പ്രതീക്ഷയോടെ നമ്മളെല്ലാം കാത്തിരിക്കുന്നു. പ്രതീക്ഷകൾക്ക് ചിറക് നൽകുന്ന മനോഹരമായ സങ്കൽപ്പങ്ങളാണ് സ്വപ്നങ്ങൾ. "കുന്നോളം സ്വപ്നം കാണൂ കുന്നിക്കുരുവോളം ലഭിക്കും" എന്ന പഴഞ്ചൊല്ലുപോലും സ്വപ്നത്തിന്റെ പ്രധാന്യത്തെ എടുത്തുകാട്ടുന്നു. എന്തിന്, നമ്മുടെ മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാം നമ്മെ പ്രോത്സാഹിപ്പിച്ചതും മറ്റൊന്നുമല്ല സ്വപ്നം കാണുവാനാണ്.

സ്വപ്നങ്ങൾക്ക് ജീവിത വിജയത്തിൽ അത്രത്തോളം വലിയ പങ്കുണ്ട്. വെറുതെ ദിവാസ്വപ്നം കാണുക എന്നല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ജീവിതത്തിലെ ഏറ്റവും മഹത്തായ ലക്ഷ്യത്തെക്കുറിച്ചാണ് ഇവിടെ സ്വപ്നം നെയ്യേണ്ടത്. ഒരിക്കൽ ഉപബോധമനസ്സിൽ ഉറച്ചുപായ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ പിന്നെ മനസ്സ് തന്നെ വഴികൾ കണ്ടെത്തും.

ഏതൊരാൾക്കും സ്വന്തം ജീവിതത്തിൽ അന്തിമമായ ഒരു ലക്ഷ്യമുണ്ടായിരിക്കും, അത് കണ്ടെത്തുകയാണ് ആദ്യം വേണ്ടത്. എത്ര പെട്ടെന്ന് ആ ലക്ഷ്യത്തെക്കുറിച്ച് വ്യക്തമായ ബോധം കൈവരിക്കുന്നോ, അത്രയും വേഗം ആ ലക്ഷ്യം നേടാനുള്ള ശക്തിയും സാഹചര്യങ്ങളും നമ്മൾക്ക് കൈവരിക്കാൻ സാധിക്കും.

എന്തൊക്കെയാണ് ജീവിതവിജയത്തിന്റെ ഘടകങ്ങൾ? എങ്ങനെയാണ് അവയൊക്കെ നേടിയെടുക്കുക? ആദ്യം വേണ്ടത്, എന്താണോ നമ്മൾക്ക് ആവശ്യം അതിന്റെ ഒരു Blue print മനസ്സിൽ ഉണ്ടാക്കിയെടുക്കുകയെന്നതാണ്. മനസ്സ് ഒരു കാന്തം പോലെയാണ്. കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതുപോലെയാണ് മനസ്സ് അതിന്റെ അടിത്തട്ടിൽ പ്രതിഫലി

ക്കുന്ന കാര്യങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുക. നല്ല ചിന്തകൾ മനസ്സിൽ നിലനിർത്തിയാൽ മനസ്സ് അതിനനുസരിച്ച് നീങ്ങുന്നു. മനസ്സ് ദാരിദ്രത്തിലേക്കുള്ള ചിന്തകളാൽ നിറയുകയാണെങ്കിൽ ജീവിതം കടുത്ത ദാരിദ്രത്തിലേക്ക് തന്നെ നീങ്ങും.

ലോകത്ത് എല്ലാ കാര്യങ്ങളും രണ്ടു തവണ സൃഷ്ടിക്കപ്പെടുന്നുണ്ട്. ആദ്യം ഒരു വ്യക്തിയുടെ മനസ്സിലും രണ്ടാമത് യഥാർത്ഥത്തിലും, അപ്പോൾ യഥാർത്ഥത്തിൽ ഒരു കാര്യം നടക്കണമെങ്കിൽ ആദ്യം അത് മനസ്സിൽ രൂപപ്പെട്ടിരിക്കണം. മനസ്സിന്റെ ചാഞ്ചാട്ടം ഒരിക്കലും നമ്മെ നന്മയുടെ ലക്ഷ്യത്തിൽ എത്താൻ സഹായിക്കില്ല. മറിച്ച് ഏത് പ്രതിസന്ധിഘട്ടങ്ങളിലും പതറാതെ മുന്നേറുന്ന മനസ്സ് വിജയം കൈപ്പിടിയിലൊതുക്കും. നമ്മൾ നമ്മുടെ തലച്ചോറിലേക്കയയ്ക്കുന്ന പല മെസ്സേജുകളും, നെഗറ്റീവ് രീതിയിലുള്ളതാണ്. ഇത്തരത്തിലുള്ള ചിന്തകൾ തന്നെയാണ് നമ്മെ പലപ്പോഴും പിന്നോട്ടു വലിക്കുന്നത്. എപ്പോഴും കൂട്ടുകൂടേണ്ടതും പോസിറ്റീവ് ചിന്താഗതിയുള്ളവരുമായിട്ടാണെങ്കിൽ അത് നമ്മുടെ ജീവിതത്തിന്റെ ഗതി തന്നേ മാറ്റിമറിക്കും.

മനോഭാവത്തിന് ജീവിതവിജയത്തിൽ വലിയ സ്ഥാനമാണുള്ളത്. മറ്റുള്ളവരുടെ മനോഭാവം മാറ്റിയെടുക്കുവാൻ നമ്മൾക്ക് ഒരു പക്ഷേ സാധിച്ചെന്നു വരില്ല. എങ്കിൽ നമ്മൾക്ക് നമ്മുടെ മനോഭാവം മാറ്റിയെടുക്കുവാൻ നിഷ്പ്രയാസം സാധിക്കും. സ്വയം പ്രചോദിതരാകാൻ ശ്രമിക്കുക. ഓരോരുത്തർക്കും ഓരോ കാരണങ്ങളാലും പ്രചോദനം നൽകുക, അത് കണ്ടെത്തി അതിനെ മുറുകെ പിടിക്കുക, നമ്മൾ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടതായ ഒരു കാര്യം സമയമാണ്, അതിനെ വരുതിയിലാക്കാൻ ശീലിക്കണം. ഒരു ദിവസം 24 മണിക്കൂർ എല്ലാവർക്കും ബാധകമായ കാര്യമാണ്, അത് എത്രത്തോളം മികച്ച രീതിയിൽ വിനിയോഗിക്കുന്നുവോ അവർ വിജയം കൈവരിക്കും. അന്നന്ന് ചെയ്യേണ്ട കാര്യങ്ങൾ അന്നന്ന് തന്നെ ചെയ്യുക. നമ്മൾ സ്ഥിരമായി ചെയ്യുന്ന കാര്യങ്ങൾ ശീലങ്ങളായി മാറുന്നു. ശീലങ്ങൾ സ്വഭാവരൂപീകരണത്തിനു കാരണമാകുന്നു. അതിനാൽ നല്ല ശീലങ്ങൾ മാത്രം പിന്തുടരുക. അത് ജീവിതവിജയത്തിന് മികച്ച വഴികാട്ടിയാകും.

സ്വന്തം കടമകൾ കൃത്യസമയത്ത് ചെയ്യുന്നത് നല്ല ശീലത്തിന്റെ ലക്ഷണമാണ്. ചുറ്റുപാടുകൾ എന്തുതന്നെ ആയിക്കോട്ടെ. "നിങ്ങൾ മാറണമെന്ന് സ്വയം തീരുമാനമെടുത്താൽ, അതിൽതന്നെ ഉറച്ചുനീങ്ങിയാൽ തീർച്ചയായും വിജയത്തിന്റെ പടവുകൾ നിങ്ങൾ കയറിയിരിക്കും". അതിനുവേണ്ടിയുള്ള സ്വപ്നങ്ങൾക്ക് തിരി കൊളുത്താനധികം കാത്തു നിൽക്കരുത്. കാരണം നിങ്ങളെ മാറ്റിയെടുക്കുവാൻ നിങ്ങൾക്കേ സാധിക്കൂ. "ഒരു പക്ഷേ നിങ്ങളുടെ സമൂഹം എന്തിനുവേണം ഗുരുക്കന്മാർ നിങ്ങളെ കഴിവില്ലാത്തവർ എന്ന് വിശേഷിപ്പിച്ചിരിക്കാം." അതൊക്കെ മാറ്റിയെടുക്കുകയെന്നുള്ളത് നിങ്ങളുടെ ധാർമ്മികമായ ലക്ഷ്യമാണ്.

നിങ്ങളുടെ വിധിയുടെ വിധാതാവ് നിങ്ങൾ മാത്രമാണ്. അത് മറ്റാരുമല്ലായെന്നുള്ള പ്രപഞ്ചസത്യം ഉൾക്കൊള്ളുക. ആ സത്യം മനസ്സിലാക്കി പ്രവർത്തനം തുടങ്ങുക.

വിജയങ്ങളുടെ വേലിയേറ്റം തന്നെ നിങ്ങളെ വന്നു തഴുകട്ടെ.!

# Face Look



ജെസ്സി രാജു

"വിശ്വാസത്തിന്റെ നായകനും
പൂർത്തിവരുത്തുന്നവനുമായ
യേശുവിനെ നോക്കുക"
Hebr : 12:2

ആത്മാവാൽ ഞങ്ങളെ നിറക്കനാഥാ...
അകതാരിൻകൺകളെ തുറക്കനാഥാ...
പാപം വെടിഞ്ഞിടുവാൻ കൃപയരുളൂ...
സ്ഥിരതയോടെ ഓടിടുവാൻ ബലമരുളൂ...

സാക്ഷ്യസമൂഹം ചുറ്റുമുണ്ടല്ലോ....
ഭാരം... സകലവും വിട്ടീടുവിൻ
പാപം... മുറ്റമായ് വിട്ടീടുവിൻ
യേശുവിനെ നോക്കിടാം... മുന്നേറിടാം...

വിശ്വാസനായകൻ നമുക്കുണ്ടല്ലോ...
ഇമ്പം... സകലവും കരുതീട്ടുണ്ട്
രക്ഷ....മുറ്റമായ് കരുതീട്ടുണ്ട്....
യേശുവിനെ നോക്കിടാം...മുന്നേറിടാം.





അന്നമ്മ ജോൺ

# ചില അടുക്കള നുറുങ്ങുകൾ

## പച്ചക്കറി പാകം ചെയ്യുമ്പോൾ

1. പച്ചക്കറികൾ അരിയുന്നതിനുമുൻപ് കുറേ നേരം ഉപ്പുവെള്ളത്തിൽ ഇട്ടുവച്ചിട്ട് കഴുകി എടുക്കുക.
2. പച്ചക്കറികൾ പാകം ചെയ്യുന്നതിന് വളരെ നേരം മുൻപേ അരിഞ്ഞു വെക്കരുത്.
3. തീരെ ചെറുതായി പച്ചക്കറികൾ അരിയരുത്.
4. പല പച്ചക്കറികളുടെയും തൊലിയ്ക്ക് തൊട്ടുതാഴെയാണ് പോഷകമൂല്യം അടങ്ങിയിരിക്കുന്നത്. അതിനാൽ വളരെ ആഴത്തിൽ തൊലി ചെത്തിക്കളയാതിരിക്കുക.
5. പച്ചക്കറികൾ പാകത്തിന് തിളച്ചവെള്ളം ചേർത്ത് വേവിക്കുക.
6. കറികളിൽ അധികം മസാല ചേർക്കാതിരിക്കുക.
7. ഏതു കറിയും പാകം ചെയ്യുമ്പോൾ തീ അല്പം അധികമായിപ്പോയി കറി പാത്രത്തിൽ കരിയുവാൻ തുടങ്ങി എന്നു കണ്ടാൽ തീ അണച്ച് ആവി പോകാതെ കറിപ്പാത്രം അല്പനേരത്തേക്ക് അടച്ചുവയ്ക്കുക.

### വെളുത്തുള്ളി

വെളുത്തുള്ളി വേഗം ചീത്തയാകാതിരിക്കാൻ അല്ലികളുമായി അടർത്തിവയ്ക്കുക.

### കശുവണ്ടി

കശുവണ്ടിപ്പരിപ്പ് കേടാകാതിരിക്കാൻ ഇട്ടുവയ്ക്കുന്ന പാത്രത്തിൽ ഏതാനും ഗ്രാമ്പൂ ഇട്ടുവയ്ക്കുക.

### വെണ്ടയ്ക്ക വാടാതിരിക്കാൻ

വെണ്ടയ്ക്ക വാടാതിരിക്കാൻ വെണ്ടയ്ക്കയുടെ രണ്ടറ്റവും അല്പം മുറിച്ചുകളഞ്ഞശേഷം പോളിത്തീൻ ബാഗിൽ പൊതിഞ്ഞു വക്കുക. വെണ്ടയ്ക്ക അറ്റം മുറിക്കുന്നതിനുമുൻപ് കഴുകി തുടച്ചു വച്ചാൽ ഏറെ നന്ന്.

### പച്ചമുളക്

പച്ചമുളക് കേടാകാതിരിക്കാൻ ഞെടുപ്പ് മാറ്റി പ്ലാസ്റ്റിക് ബാഗിൽ സൂക്ഷിക്കുക.

### തുവരപ്പരുപ്പ് വേകാൻ

തുവരപ്പരുപ്പ് പെട്ടെന്ന് വേകാൻ ഒരു സ്പൂൺ പാചകഎണ്ണ ചേർക്കുക.

### മീൻ വെട്ടുമ്പോൾ

കൈയിൽ നിന്നും മീൻ വെട്ടിക്കഴുകിയതിന്റെ നാറ്റം മാറുവാൻ അല്പം ഉലുവാപ്പൊടി കൈയിൽ പുരട്ടി തിരുമ്മുക.



# കാലങ്ങൾ



ദീപ്തി മെറി ജോൺ

പുരോഗതിയിൽനിന്ന് പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ഒരു ശാസ്ത്രയുഗത്തിലാണ് നാമിന്ന്. നമ്മുടെ ചിന്തകളും പ്രവർത്തനങ്ങളും ഇന്ന് വളരെ പുരോഗമിച്ചിരിക്കുന്നു.

നന്മകൾ ചെയ്യാൻ നമ്മുക്കും അവസരങ്ങൾ വീഴുമ്പോൾ തിന്മയിലേക്ക് തിരിയുന്ന ഒരു സമൂഹവും ഇതിനോടൊപ്പം വളരുന്നു. നമ്മുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത് നമ്മുടെ മനസ്സാണ്. നാമറിയാതെതന്നെ പലപ്പോഴും നാം അബദ്ധങ്ങളിൽ ചെന്നുചാടുന്നു. ഒരു നിമിഷം നമ്മുടെ മനസ്സിനെ ഒന്നു നിയന്ത്രിച്ചാൽ ഈ വിപത്തിൽ നിന്നു നമുക്കു രക്ഷ നേടാവുന്നതേയുള്ളൂ.

"Your mind is your instrument, learn to be it's master, not it's slave". നമ്മുടെ മനസ്സിന്റെ യജമാനൻമാർ ആകാൻ നാം ശ്രമിക്കണം. ഒരിക്കലും അതിന്റെ അടിമയാകരുത്.

ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾപോലെ നന്മയും തിന്മയും നമ്മുടെ സമൂഹത്തിലുമുണ്ട്. നാമൊരിക്കലും കേൾക്കാനാഗ്രഹിക്കാത്ത കൊടുംക്രൂരതകളാണ് ഇന്ന് നാം കേട്ടുകൊണ്ടിരിക്കുന്നത്. ഒരു നിമിഷം നമ്മുടെ മനസ്സിനെ നമുക്ക് നിയന്ത്രിക്കാൻ കഴിയാതെ വരുമ്പോഴാണ് ഇങ്ങനെ സംഭവിക്കുന്നത്. "മനസ്സ്" എന്ന മൂന്നക്ഷരത്തിന് നമ്മുടെ ജീവിതത്തെ മുഴുവൻ നിയന്ത്രിക്കാനാകും." ഓരോ നിമിഷത്തിലും നമ്മുടെ മനസ്സിൽ അനേകം ചിന്തകൾ കടന്നുകൂടും. പല സന്ദർഭങ്ങളിലും നാം എന്തു തീരുമാനം എടുക്കണമെന്ന് നമുക്കുതന്നെയറിയില്ല. ഇത്തരം സാഹചര്യങ്ങളിൽ നമ്മുടെ മനസ്സിനെ നിയന്ത്രിച്ച് നമ്മുടെ എങ്ങനെ ഒരു യഥാർത്ഥ ചിന്തയിലേക്ക് / തീരുമാനത്തിലേക്ക് വരാൻ സാധിക്കും. ഇവിടെയാണ് ആന്തരീകജീവി

തത്തിന്റെ (spiritual life) പ്രാധാന്യം. കർത്താവ് നമ്മളെപ്പറ്റി എന്തു കണക്കുകൂട്ടുന്നുവോ, അതു നമ്മുടെ ജീവിതത്തിൽ സഫലമാകണമെങ്കിൽ അവന്റെ വാക്കുകൾക്കു നാം ചെവി കൊടുക്കണം.

നമ്മുടെ ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളും നാം പൂർത്തീകരിക്കുമ്പോൾ നാം ചെയ്ത പ്രവർത്തനങ്ങളെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ? അതിൽ നന്മയും പാപവും എല്ലാം നിറഞ്ഞിട്ടുണ്ടാവും. എന്നാലും നമ്മുടെ മനസ്സാണ് നമ്മെ എല്ലാറ്റിനും വഴി കാട്ടുന്നത്. നമ്മുടെ മനസ്സിലെ ചിന്തകളാണ് നമ്മുടെ ജീവിതത്തിന്റെ നാഴികക്കല്ല്. എന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനോടു ചേർന്നു ജീവിക്കുന്ന ഒരു വ്യക്തിക്ക് അവന്റെ ജീവിതത്തിന്റെ താളം തെറ്റുകയില്ല. മറ്റുള്ളവർക്ക് ഒരു പക്ഷേ അത് തെറ്റാന്ന് തോന്നും. പക്ഷേ ദൈവത്തിന്റെ പ്ലാൻ നാമറിയുന്നില്ലല്ലോ? അവൻ അതു നമ്മെ ഓരോ നിമിഷവും അനുഭവിപ്പിക്കുകയല്ലേ?

ജ്ഞാനിയായ ശലോമോൻ സദൃശ്യവാക്യങ്ങളിൽ പറയുന്നത് "For as he thinketh in his heart so is he." റോമൻ തത്വചിന്തകനായ മാർക്കസ് ഔറേലിയസ് പറയുന്നത് “Our life is what our thought make it”. ലൂക്കോസ് 6:45 നാം വായിക്കുന്നത് ഇപ്രകാരമാണ്; “നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽനിന്നും നല്ലത് പുറപ്പെടുവിക്കുന്നു”. “Mind is a beautiful server, a dangours master.”

ഒരുപോലെ അപകടകാരിയും നന്മ നിറഞ്ഞതുമാകാൻ മനസ്സിന് കഴിയും. ചിന്തകൾ നമ്മെ അലട്ടുന്ന ഈ സമൂഹത്തിൽ നമ്മുടെ മനസ്സിനെ നിയന്ത്രിക്കാൻ നമ്മെ സഹായിക്കുന്ന ഏറ്റവും വലിയ ശക്തിയാണ് പ്രാർത്ഥന (Power of prayer). ജീവിതത്തിലെ ഏതു തീരുമാനവും പ്രാർത്ഥനയിലൂടെ തിരഞ്ഞെടുക്കുമ്പോൾ, അവിടെ നമ്മൾക്കു തെറ്റില്ല. “നമ്മെ അറിയുന്ന കർത്താവിനെ അറിയാൻ നാമും ശ്രമിക്കണം.”

അന്ധകാരം നിറഞ്ഞ ഒരു ലോകത്തിനിടയിലാണ് നാം ഇന്ന് ജീവിക്കുന്നത്. പ്രശ്നങ്ങളും പ്രതിസന്ധികളും ധാരാളം നേരിടേണ്ട ഈ സമയങ്ങളിൽ പ്രാർത്ഥനയുടെ ശക്തി അനിവാര്യമാണ്. ഒരു പക്ഷേ നമ്മുടെ ജീവിതത്തിലേക്ക് നാം ഒന്നു തിരിഞ്ഞുനോക്കിയാൽ നമുക്ക് അത് വ്യക്തമാണ്. ഓരോ സന്ദർഭങ്ങളും നമുക്ക് സന്തോഷമുള്ളതും ദുഃഖമുള്ളതുമാകുന്നു. നമ്മുടെ മനസ്സിനെ നാം എത്രമാത്രം അറിയുന്നു എന്നതിന്റെ തെളിവാണ്.

നമ്മുടെ ജീവിതത്തിന്റെ ശരിയും തെറ്റും കടന്നുകൂടുന്നത് നമ്മുടെ മനസ്സിലൂടെയാണ്. യേശുക്രിസ്തു നമുക്കു പറഞ്ഞുതന്ന അനുഭവങ്ങളിലൂടെയും വചനങ്ങളിലൂടെയും നമ്മുടെ ശരിയും തെറ്റും കർത്താവിനോട് ചേർന്ന് നാം തീരുമാനിക്കണം. നാം നമ്മുടെ മനസ്സിന് അനുസരിച്ച് ജീവിച്ചാൽ ഒരിക്കലും കർത്താവ് ആഗ്രഹിക്കുന്നത് നമ്മുടെ ജീവിതത്തിൽ സംഭവിക്കില്ല.

റോമർ 12:2 ൽ നാം വായിക്കുന്നത്, “ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവാൻ.” (“Let God tranform you inwardly by a complete change of your mind. You will be able to know the well of God.”) ആത്മീയതയുള്ള ഒരു മനസ്സിനുടമയായി കർത്താവിന്റെ തീരുമാനിത്തിനനുസരിച്ച് ജീവിക്കാൻ നമുക്ക് ശ്രമിക്കാം.

# God's Glory



Neenu Ann Thomas

"Lo, in the midst of the throne.... stood a lamb as it had been slain" (Revelation 5:6)

Why should our exalted Lord appear in His wounds in glory? The wounds of Jesus are His glories. His jewels, and His scared ornaments. To the eye of the believe Jesus is more than beautiful because He is "white and reddy" (Songs of songs 5:10).

Jesus is white with innocence and ruddy with His own blood. We see Him as the lilly of matchless purity and as the rose crimsoned with His own yore.

Christ is lovely as He teaches upon olivet and by the sea, but there never was such a matchless Christ as He that hung upon the cross. These we behold all His beauties in perfection, all His attributes developed, all His love drawn out, and all His character expressed. The wounds of Jesus are far more fair than all the splendour and pomp of Kings. Jesus appears as the slain lamp who sought our soul and redeemed them by His complete atonement. If Christ loves to remember His suffIerings for His people, how precious should His wounds be to us!



# പച്ചമാങ്ങ ജ്യൂസ്



ലിൻസി രാജീവ്

പച്ചമാങ്ങ............1 (കിളിച്ചുണ്ടൻ)
ഇഞ്ചി..................ഒരു ചെറിയ കഷണം
പഞ്ചസാര...........ആവശ്യത്തിന്

## പാകം ചെയ്യുന്ന വിധം

- അര ഗ്ലാസ് വെള്ളം ഒഴിച്ച് തൊലി കളഞ്ഞ മാങ്ങയും ഇഞ്ചിയും ചേർത്ത് മിക്സിയിൽ നന്നായി അടിച്ചെടുക്കുക.
- ഈ മിശ്രിതം അരിച്ചെടുത്ത് മൂന്ന് ഗ്ലാസ് തണുത്ത വെള്ളവും ആവശ്യത്തിന് പഞ്ചസാരയും ചേർത്ത് ഉപയോഗിക്കാം.



# *Song*

എന്റെ ദൈവമെത്ര നല്ലവനാം
എന്റെ ഉള്ളത്തെ അറിയുന്നവൻ
എല്ലാ നന്മയുമേകിടുന്നവൻ
എന്നെ ദിനംതോറും നടത്തീടുമേ...

    വരുവീൻ ഈ യേശു അരികിൽ
    വാഴ്ത്തുവീൻ തൻ തിരുനാമത്തെ (2)

മരുഭൂമിയിൽ തൻ ജനങ്ങൾക്കായി
മന്നായേ നൽകി പോഷിപ്പിച്ചവൻ
മറന്നീടുകില്ലൊരുനാളും തൻ
മക്കൾ നെടുവീർപ്പുകൾ പോലുമേ... (വരുവീൻ-2)

    ഹാബേൽ യാഗത്തിൽ പ്രസാദിച്ചവൻ
    ഹാനോക്കിനെ സ്വർഗ്ഗത്തേയ്ക്കെടുത്തവൻ
    ഹന്നായുടെ പ്രാർത്ഥന കേട്ടവൻ
    ഹാഗാറിന്റെ കണ്ണുനീരെ മാനിച്ചോൻ.... (വരുവീൻ-2)



**അന്നമ്മ വർഗീസ്**

## "ഇടവിടാതെ പ്രാർത്ഥിപ്പിൻ" 1 തെസ്സ: 5:17

ഒരിക്കൽ ഒരു കുട്ടി ഗുരുജിയോടു ചോദിച്ചു. ഗുരുജി, എപ്പോഴൊക്കെയാണ് നാം പ്രാർത്ഥിക്കേണ്ടത്?

ഗുരുജി : മരിക്കുന്നതിന് തൊട്ടുമുൻപ് പ്രാർത്ഥിച്ചാൽ മതി.

കുട്ടി : അതിന്, ഞാൻ എപ്പോഴാണ് മരിക്കുന്നത് എന്ന് എനിക്ക് അറിയില്ലല്ലോ?

ഗുരുജി : അതുകൊണ്ട് നാം എപ്പോഴും പ്രാർത്ഥിക്കണം.

**ജെസ്സി രാജു**



Mattathil Printers Pvt. Ltd. 0481-2429320





Sumithra S.




...Memories to Cherish...